(സി) ചെലവഴിക്കാത്ത ഇക അടുത്ത സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് ഇകയായി കണക്കാക്കുന്നതിനാൽ ഇകയൊന്നും lapse ആകുന്നില്ല.

ഗ്രാമവികസന വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

16 (1412) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി അറിയാമോ ; എങ്കിൽ അതിന്റെ കാലാവധി എന്നുവരെയാണെന്ന് പറയാമോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി ആൾക്കാർ ജോലി ചെയ്ത് വരുന്നുണ്ടോ ; എങ്കിൽ എത്രപേരാണ് ജോലി ചെയ്തുവരുന്നത് ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉള്ള ഭൂരിപക്ഷം ഉദ്യോഗാർത്ഥികളും പ്രായപരിധി കഴിയാറായവരും ഇനി ടെസ്റ്റ് എഴുതാൻ കഴിയാത്തവരും ആണെന്നുള്ള കാര്യം പരിഗണിച്ച്, താൽക്കാലിക നിയമനം നടത്തിയിരിക്കുന്ന വേക്കൻസികൾ ഉൾപ്പെടെ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവുകൾ എല്ലാം പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ ഓരോ ഒഴിവ് വീതം നിലവിലുണ്ട്.

(ബി) വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നുമാണ് ഗ്രാമവികസന വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ ചെയ്യുന്നത്. ടി തസ്തികയിലേക്ക് 17-5-2012 തീയതി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് 3 വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ പ്രസ്തുത റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

(സി) ഉണ്ട്. ഓരാൾ.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly